# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4194** **24.10.2016-ൽ മറുപടിക്ക്**

**ലോക്കപ്പ് മർദ്ദനവും കസ്റ്റഡി മരണവും**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ലോക്കപ്പ് മർദ്ദനവും കസ്റ്റഡി മരണവും വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത് സംബന്ധിച്ച പരാതികളിന്മേൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോലീസുകാർക്കെതിരെ കേസ് എടുത്തു; എത്ര പേരെ ശിക്ഷണ നടപടികൾക്ക് വിധേയരാക്കി; വിശദാംശം നൽകുമോ; | (ബി) ഇത് സംബന്ധിച്ച പരാതികളിന്മേൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8 പോലീസുകാർക്കെതിരെ കേസ് എടുത്തു; 10 പേരെ ശിക്ഷാനടപടികൾക്ക് വിധേയരാക്കി; ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) ലോക്കപ്പ് മർദ്ദനത്തിൽ പരിക്കേറ്റവരുടെ കുടുംബങ്ങൾക്കും, പോലീസ് കസ്റ്റഡിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും എന്തെങ്കിലും ധനസഹായം കഴിഞ്ഞ നാല് മാസത്തിനുള്ളിൽ നൽകിയിട്ടുണ്ടോ? | (സി) ഉണ്ട്. പാറശ്ശാല പോലീസ് സ്റ്റേഷൻ കസ്റ്റഡി മരണത്തിൽ പരേതനായ ശ്രീജീവിന്റെ ആശ്രിതർക്ക് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | കേസ് | ശിക്ഷാ നടപടി |
|---|---|---|
| ഇടുക്കി | കസ്റ്റഡിയിൽ മർദ്ദിച്ചു എന്ന പരാതിയിൽ പീരുമേട് സബ് ഇൻസ്പെക്ടർ എസ്. സുരേഷ് കുമാറിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. | പീരുമേട് പോലീസ് സ്റ്റേഷനിൽ എസ്.ഐ.-യുടെ മുറിയിൽ വച്ച് ജിബിൻ ജോർജ്ജ് എന്നയാളെ 06.08.2016-ന് മർദ്ദിച്ചു എന്ന പരാതിയിന്മേൽ Cr.364/16 U/s 294(b), 324, 323, 341 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ പീരുമേട് സബ് ഇൻസ്പെക്ടർ എസ്. സുരേഷ് കുമാറിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| എറണാകുളം റൂറൽ | കസ്റ്റഡിയിൽ മർദ്ദിച്ചു എന്ന പരാതിയിൽ 7 പോലീസ് ഉദ്യോഗസ്ഥരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. | പ്രജീഷ് എന്നയാളെ 25.09.2016 മുതൽ 28.09.2016 വരെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചു എന്ന പരാതിയിൽ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന Cr.No.2609/16 U/s 342, 323, 34 IPC കേസിൽ മൂവാറ്റുപുഴ ഡി.വൈ.എസ്.പി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എ. അനൂപ്, എസ്.ഐ., അബ്ദുൽ റസാക്ക് SCPO 9106, മനോജ് കുമാർ CPO 10370 എന്നിവരെ വാചകീയ അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| മലപ്പുറം | പോലീസുകാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. | വണ്ടൂർ പോലീസ് സ്റ്റേഷനിൽ Cr. 347/16 U/s 379 IPC കേസിലെ പ്രതിയായ അബ്ദുൽ ലത്തീഫ് എന്നയാൾ കസ്റ്റഡിയിലിരിക്കെ 11.09.2016-ന് സ്റ്റേഷനകത്തുള്ള ബാത്ത് റൂമിൽ കെട്ടി തൂങ്ങി മരിച്ച സംഭവത്തിൽ അന്വേഷണത്തിന്റെ ഭാഗമായി മനോജ് (SCPO 3494), സതീഷ് (CPO 4987) സനീഷ് (SHO) എന്നിവർക്കെതിരെ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| കണ്ണൂർ | പോലീസുകാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. | തലശ്ശേരി പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ പാർപ്പിച്ചു വന്ന കാളിമുത്തു എന്നയാൾ 09.10.2016-ന് അബോധാവസ്ഥയിൽ കാണപ്പെട്ടതിനെ തുടർന്ന് തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ പരിശോധിപ്പിച്ചതിൽ മരണപ്പെട്ടതായി സ്ഥിരീകരിച്ചു. പ്രസ്തുത കാര്യത്തിന് ഈ സംഭവത്തിൽ തലശ്ശേരി പോലീസ് സബ് ഇൻസ്പെക്ടർ സ്വമേധയാ കേസ് |

| | | |
|---|---|---|
| | | രജിസ്റ്റർ ചെയ്തിട്ടുണ്ട്. (Cr.1983/16 U/s 174 Cr.PC). തലശ്ശേരി പോലീസ് സ്റ്റേഷൻ SHO ആയ എം.എസ്. ഫൈസൽ, എ.എസ്.ഐ-മാരായ വി.വി.രാമചന്ദ്രൻ, സി. രമേശൻ എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**